കുന്ദമംഗലം - വാട്ടർ കണക്ഷൻ പുനഃസ്ഥാപിക്കാനുള്ള നടപടി

261 (950) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നുപേർ വസിക്കുന്നതിൽ എല്ലാവരും ഭിന്നശേഷിക്കാരായ കോഴിക്കോട് കുന്ദമംഗലം പഞ്ചായത്തിലെ കരിപ്പാൽ കദീശുമ്മ (നമ്പർ കെ.എൽ.എം. 78) യുടെ വീട്ടിലേക്കുള്ള വാട്ടർ കണക്ഷൻ കട്ട് ചെയ്യാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് പ്രസ്തുത കുടുംബത്തിന്റെ പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഈ കുടുംബത്തിന് വാട്ടർ കണക്ഷൻ പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉപഭോക്താവ് 2001 ഫെബ്രുവരി മാസത്തിനുശേഷം കുടിവെള്ള ചാർജ്ജ് അടയ്ക്കാത്തതിനാലും വാട്ടർ മീറ്റർ പ്രവർത്തനരഹിതമായതിനാലുമാണ് 23-7-2006-ൽ കണക്ഷൻ വിച്ഛേദിച്ചത്. 2001 മാർച്ച് മാസം മുതൽ 2006 ജൂലൈ മാസം വരെ 8760 രൂപ കുടിശ്ശികയുണ്ട്.

(ബി) ഉണ്ട്.

(സി) ഏതെങ്കിലും തിരിച്ചറിയൽ രേഖ ഹാജരാക്കി നിലവിലുള്ള കുടിവെള്ള ചാർജ്ജ് കുടിശ്ശികയും നിയമാനുസൃതമായ പിഴയും, കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ ഡിസ്കണക്ഷൻ ഫീസും റീ കണക്ഷൻ ഫീസും അടച്ച് പുതിയ വാട്ടർ മീറ്റർ സ്ഥാപിക്കുന്നപക്ഷം ടി കണക്ഷൻ മൂന്നുദിവസത്തിനകം പുനഃസ്ഥാപിച്ചു നൽകുന്നതാണ്. ഇതല്ലെങ്കിൽ മേൽപ്പറഞ്ഞ കുടുംബം ബി.പി.എൽ. റേഷൻ കാർഡ് ഹാജരാക്കുകയാണെങ്കിൽ മേൽപ്പടി കുടിശ്ശിക മുഴുവൻ ഒഴിവാക്കി 15 കി. ലിറ്റർ വരെയുള്ള ജലം സൗജന്യമായി ഉപയോഗിക്കുവാനുള്ള അനുവാദം നൽകുന്നതാണ്.

ജലഗുണനിലവാര പരിശോധന

262(951) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗുണനിലവാര പരിശോധനക്കായി ലാബുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly